## പതിമൂന്നാം കേരളനിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 747 — 13.06.2012 ൽ മറുപടിക്ക്

### ബാലുശ്ശേരി കോട്ട ചരിത്രസ്മാരകമാക്കുന്നതിന് നടപടി

ചോദ്യം
ശ്രീ. പുരുഷൻ കടലുണ്ടി

മറുപടി
ശ്രീ. കെ. സി. ജോസഫ്
(ബഹു. ഗ്രാമ വികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചരിത്ര പ്രസിദ്ധമായ ബാലുശ്ശേരി കോട്ടയിലെ ചുമർ ചിത്രങ്ങൾ സംരക്ഷിക്കുന്നതിനും ഇവിടം ചരിത്ര സ്മാരകമായി പ്രഖ്യാപിക്കുന്നതിനുമുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ ; | (എ) | 2011-2012 സാമ്പത്തിക വർഷം പുരാവസ്തു വകുപ്പ് കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി കോട്ടയിലെ ചുമർചിത്രങ്ങൾ സംരക്ഷിക്കുന്നതിനുള്ള പണികൾ നടത്തിയിട്ടുണ്ട്. ബാലുശ്ശേരി കോട്ട, ശ്രീ വേട്ടയ്ക്കൊരു മകൻ ക്ഷേത്രം 1968 – ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം സംരക്ഷിത സ്മാരകമാക്കുന്നതിലേയ്ക്ക് കോഴിക്കോട് ജില്ല കളക്ടറിൽ നിന്നും റവന്യൂ വിശദവിവരം ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിവരം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (ബി) | ക്ഷേത്ര കലകളുടെയും പ്രാദേശിക പാരമ്പര്യ കലകളുടെയും പഠനത്തിനും പരിശീലനത്തിനും ഗവേഷണത്തിനുമായി ഒരു സ്ഥാപനം ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; | (ബി) | ക്ഷേത്ര കലകളുടെയും പ്രാദേശിക പാരമ്പര്യ കലകളുടെയും പഠനത്തിനും പരിശീലനത്തിനും ഗവേഷണത്തിനുമായി കേരള ഫോക് ലോർ അക്കാദമിയുടെ ആഭിമുഖ്യത്തിൽ പാലക്കാട് ജില്ലയിൽ ഒരു കേന്ദ്രം തുടങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. പാരമ്പര്യ ക്ഷേത്ര സമുച്ചയങ്ങളുടെ സംരക്ഷണത്തിനാവശ്യമായ ഉപദേശങ്ങളും, അനുഷ്ഠാന ചിത്രകലാ സംരക്ഷണത്തിനും പഠനത്തിനും ഗവേഷണത്തിനും വാസ്തുവിദ്യാഗുരുകുലത്തിൽ സംവിധാനമുണ്ട് |
| (സി) | ഉണ്ടെങ്കിൽ അത്തരം ഒരു സ്ഥാപനം ബാലുശ്ശേരി കോട്ട വക ഭൂമിയിൽ ആരംഭിക്കാമോ? | (സി) | പരിശോധിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ